പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4271 — 21.07.2015-ൽ മറുപടിക്ക്

## പ്രസന്നൻസ് ഇക്കോ ബയോ സിസ്റ്റംസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.റ്റി.ജോർജ്ജ് | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും) വകുപ്പു മന്ത്രി) |
| (എ) ജൈവമാലിന്യങ്ങൾ കുറഞ്ഞ ചെലവിൽ സംസ്ക്കരിക്കുന്നതിന് തദ്ദേശമായി വികസിപ്പിച്ചെടുത്തിട്ടുള്ള പ്രസന്നൻസ് ഇക്കോ ബയോ സിസ്റ്റംസ് എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സംസ്ക്കരണ പ്ലാന്റുകൾ ഉപകാരപ്രദമാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ, കൊച്ചിൻ സാങ്കേതിക യൂണിവേഴ്സിറ്റി മേധാവി, പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയർ (കെട്ടിട വിഭാഗം) തുടങ്ങിയവർ ശുപാർശ ചെയ്തിട്ടുള്ള (LSGD, DC/10029) വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട് |
| (ബി) ശുചിത്വ മിഷൻ പ്രസ്തുത സാങ്കേതിക വിദ്യ നടപ്പിലാക്കാതിരിക്കുന്നതിനെതിരെ നടപടി സ്വീകരിക്കുമോ ; | (ബി) പ്രസ്തുത സംസ്കരണ പ്ളാന്റുകളുടെ ലഭ്യമാക്കിയ വിവരം ശുചിത്വ മിഷൻ സാങ്കേതിക സമിതി പരിശോധിക്കുകയും ശ്രീ. പ്രസന്നകുമാറിൽ നിന്നും നേരിൽ വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. എന്നാൽ ടി സംവിധാനത്തിന്റെ പൂർണ്ണമായ സാങ്കേതിക ശേഷി, മികവ് എന്നിവ പരിശോധിക്കാവുന്ന തരത്തിൽ വിവരങ്ങളും തെളിവുകളും രേഖകളും ഇതുവരെയും ശ്രീ. പ്രസന്നകുമാർ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ശുചിത്വ മിഷന് എതിരെ നടപടി സ്വീകരിക്കേണ്ട സാഹചര്യമില്ല. |

| | |
|---|---|
| (സി) ശുചിത്വ മിഷൻ മുഖേന എത്ര ഖര, ദ്രവ മാലിന്യ പ്ലാന്റുകൾ വിജയകരമായി പ്രവർത്തിച്ചു വരുന്നു; അവ ഏതെല്ലാം; വിശദമാക്കുമോ ? | (സി) ശുചിത്വ മിഷൻ മുഖേന ഖരദ്രവ മാലിന്യ പ്ലാന്റുകൾ പ്രവർത്തിച്ചു വരുന്നില്ല. |

സെക്ഷൻ ഓഫീസർ